"ഭരണഭാഷ-മാതൃഭാഷ"

നമ്പർ.എം(4)/191518/2020/ഡിജി.ഇ

6379

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
തീയതി : 08..11..2020
ഇ-മെയിൽ : supdtm.dge@kerala.gov.in
ഫോൺ നം : 0471-2580595

# സർക്കുലർ

വിഷയം : പൊതു വിദ്യാഭ്യാസം - സ്കൂൾ വാഹനങ്ങളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന : ട്രാൻസ്പോർട്ട് കമ്മീഷണറുടെ 13/02/2020 - ലെ E1/74/2019-/TC നമ്പർ കത്ത്.

***

പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ സുരക്ഷയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പും സ്കൂൾ വാഹനങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ, കുട്ടികളുടെ സുരക്ഷയ്ക്കായി ഡ്രൈവർമാർ, ഡോർ അറ്റൻഡൻമാർ എന്നിവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്നിവ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പും നിരവധി നിർദ്ദേശങ്ങൾ നൽകുകയും അവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സ്കൂൾ വാഹനങ്ങളെ സംബന്ധിച്ചും അത്തരം വാഹനങ്ങളെ ഓടിക്കുന്നവരെക്കുറിച്ചും നിരന്തരം പരാതികൾ ലഭിക്കുകയും, സ്കൂൾ വാഹനങ്ങൾ ഉൾപ്പെട്ട ചില അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും താഴെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ബന്ധപ്പെട്ട അധികാരികൾക്കും നിർദ്ദേശം നൽകുന്നു. സ്കൂൾ വാഹനങ്ങൾ ഓടിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്ത ഡ്രൈവർമാർ വാഹനം ഓടിക്കുക, അമിത വേഗത, അശ്രദ്ധയും അലക്ഷ്യമായും വാഹനം ഓടിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക, വാഹനത്തിൽ ഉൾക്കൊള്ളാവുന്നതിനേക്കാൾ കൂടുതൽ കുട്ടികളെ കയറ്റുക, വാഹനത്തിൽ ഡോർ അറ്റൻഡർമാർ ഇല്ലാതിരിക്കുക എന്നിവയിൽ പരാതികൾ വ്യാപകമായി ഉണ്ടാകുന്ന സാഹചര്യത്തിൽ ഈ വിഷയങ്ങളിൽ കർശന ജാഗ്രത പുലർത്തേണ്ടതാണ്. കൂടാതെ സ്കൂളിലെ ഒരദ്ധ്യാപകനെ ഇക്കാര്യത്തിൽ നോഡൽ ഓഫീസറായി നിയമിച്ച് പരാതികൾക്കാധാരമായ വിഷയങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശം നൽകുന്നു.

ഷൈൻമോൻ എം.കെ.,
പെൻ നമ്പർ : 425084
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

പകർപ്പ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) എല്ലാ പ്രധമാധ്യാപകർക്കും (ജില്ലാ ഓഫീസർമാർ മുഖേന)

പി.ആർ.മ.